# ദേശസ്നേഹം: മൊത്തവില്പനയും ചില്ലറ വില്പനയും

പി.എസ്.കുമാർ


ക്രിക്കറ്റ് മാത്രമല്ല യുദ്ധവും കച്ചവടക്കാരന് വിലസാൻ പറ്റിയ ഒരവസരമാണെന്ന് കാർഗിൽ സംഘർഷത്തിന്റെ നാളുകൾ തെളിയിച്ചു. അതിർത്തി യുദ്ധങ്ങൾ സൃഷ്ടിക്കുകയും തങ്ങളുടെ രാഷ്ട്രീയ നേട്ടങ്ങൾക്കായി 'ദേശസ്നേഹം' ഇളക്കിവിടുകയും ചെയ്യുന്ന രാഷ്ട്രീയ ചാണക്യന്മാരെ അമ്പരപ്പിക്കുന്ന വിധത്തിലായിരുന്നു ഇത്തവണ രാജ്യത്താകമാനം അലയടിച്ച 'ദേശസ്നേഹം'

**കലാകാരന്മാരും കായികതാരങ്ങളും തൊട്ട് കച്ചവട കുത്തകകൾ വരെ പരസ്പരം മത്സരിച്ച് അണിനിരന്ന ഈ ദേശസ്നേഹ പ്രകടനത്തിന്റെ അടിസ്ഥാന മുദ്രാവാക്യം ഒന്നായിരുന്നു– 'ദേശസ്നേഹം മഹാശ്ചര്യം, നമുക്കും കിട്ടണം പണം!' കാർഗിൽ സംഘർഷത്തിന്റെ ലൈവ് ടെലികാസ്റ്റിംഗ് നടത്തിയിരുന്നെങ്കിൽ വേൾഡ് കപ്പ് ക്രിക്കറ്റിനേക്കാൾ പണം പരസ്യക്കാരിൽനിന്നും ലഭിച്ചേനെ.**

ദേശസ്നേഹം കച്ചവടം ചെയ്യാൻ തയ്യാറായ ചില ഉദാഹരണങ്ങൾ നോക്കൂ.

ഐവ കളർ ടി.വി.കളും മ്യൂസിക് സിസ്റ്റവും വിപണനം ചെയ്യുന്ന ബാരൺ എലക്ട്രോണിക്സ് ജൂൺ ആദ്യവാരം പ്രമുഖ പത്രങ്ങളിൽ നല്കിയ അര പേജ് പരസ്യം ഇങ്ങനെയാണ്: 'ഞങ്ങൾ വില്ക്കുന്ന ഓരോ കളർ ടി.വി.യുടെയും മ്യൂസിക് സിസ്റ്റത്തിന്റെയും വിലയിൽ നൂറു രൂപ വീതം പൊരുതിമരിച്ച ജവാന്മാരുടെ കുടുംബങ്ങൾക്കായി നീക്കിവയ്ക്കുന്നു'. ലോകകപ്പ് ക്രിക്കറ്റ് കാലത്തെ പരസ്യങ്ങൾക്കായി എട്ടു കോടി രൂപ നീക്കിവച്ച കമ്പനിയാണ് ഈ പറയുന്നതെന്നോർക്കുക. ഒരു കളർ ടി.വി. വിറ്റാൽ നൂറു രൂപയാണ് ജവാന്മാരുടെ കുടുംബങ്ങൾക്ക് മാറ്റിവയ്ക്കുന്നത്. കമ്പനിക്കു ജവാന്മാരുടെ കുടുംബത്തെ സഹായിക്കണമെങ്കിൽ ഒരു തുക നിശ്ചയിച്ച് അതങ്ങു കൊടുത്താൽ പോരേ? യുദ്ധകാലത്ത് വിൽക്കുന്ന ടി.വി.കളുടെ എണ്ണവുമായി അതിനെ ബന്ധപ്പെടുത്തുന്നതെന്തിനാണ്? ഈ നൂറു രൂപ സംഭാവനകാര്യം കൊട്ടിഘോഷിക്കാൻ പത്രങ്ങളിൽ നടത്തിയ പരസ്യങ്ങളുടെ കാശ് സംഭാവനയായി നല്കിയിരുന്നെങ്കിൽ നൂറു രൂപ വീതം പിരിച്ചെടുക്കുന്നതിലും കൂടുതലുണ്ടായേനേ! അതിൽനിന്നുതന്നെ ആ കമ്പനിയുടെ ദേശസ്നേഹത്തിന്റെ 'ഗുട്ടൻസ്' മനസിലാക്കാമല്ലോ.

മാക്സ് ടച്ച് സെല്ലുലാർ ഫോൺ സർവീസുകാരുടെ പരസ്യവും ഇതേ മാതൃകയിലാണ്. 'ഇന്ന് നിങ്ങൾ മാക്സ്–ടച്ചിലൂടെ നടത്തുന്ന ഓരോ മിനിറ്റ് സംഭാഷണത്തിനും ഒരു രൂപ വീതം ഞങ്ങൾ വീരചരമം പ്രാപിച്ച ജവാന്മാരുടെ കുടുംബങ്ങൾക്കായി നീക്കിവയ്ക്കുന്നു. **ഞങ്ങൾ ദേശസ്നേഹം കാണിക്കണമെങ്കിൽ നിങ്ങൾ ഞങ്ങളുടെ ചരക്ക് വാങ്ങണം** എന്നാണ് ഇതിന്റെയും അർഥം.




'ഞങ്ങൾ വിൽക്കുന്ന ഓരോ കമ്പ്യൂട്ടറിന്റെയും വിലയിൽ ഒരു ഭാഗം കാർഗിലിലെ ജവാന്മാരുടെ ക്ഷേമത്തിനായി ഉപയോഗപ്പെടുത്തും' എന്നു വിളംബരം ചെയ്യുന്ന എച്ച്.സി.എൽ. ഇൻഫോസിസ്റ്റംസ് കമ്പനിക്കാർ പക്ഷേ, അവർ നീക്കിവയ്ക്കുന്ന തുക എത്രയാണെന്നു തുറന്നു പറയുന്നില്ല.

ഡേവൂ മോട്ടോർ കമ്പനി തങ്ങൾ നല്കിയ സംഭാവന പരസ്യപ്പെടുത്താൻ വേണ്ടി ചെലവാക്കിയ തുക സംഭാവന തുകയേക്കാൾ കൂടുതലാണത്രെ! നമ്മുടെ കൊച്ചു കേരളത്തിലെ ഒരു ഇടത്തരം ബിസിനസ് സ്ഥാപനം മാത്രമായ കെ.പി.നമ്പൂതിരീസ് ദന്തധാവനചൂർണവും ധീരജവാന്മാർക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് കളർ പരസ്യം നല്കുകയുണ്ടായി.

ടി.വി.എസ്. മറ്റൊരു തരത്തിലാണ് ജവാന്മാരോട് സ്നേഹം പ്രകടിപ്പിച്ചത്. ജൂൺ മധ്യത്തിൽ അവർ കൊടുത്ത പരസ്യം, ജവാന്മാർക്കും എക്സ്–സർവീസുകാർക്കും ടി.വി.എസ്. സ്പെക്ട്രാ എ.എക്സ്. എന്ന അവരുടെ സ്കൂട്ടർ വാങ്ങുമ്പോൾ 1500 രൂപ ഇളവ് നല്കും എന്നാണ്!

നാട്ടിലാകട്ടെ, ദേശസ്നേഹപ്പിരിവുകാരെക്കൊണ്ട് പൊറുതിമുട്ടിയ മാസമാണ് ഇക്കഴിഞ്ഞുപോയത്. ദേശത്തെ ഫൈനാർട്സ് ക്ലബ്ബുകൾ, കരയോഗക്കാർ, അടുത്തുള്ള സ്കൂളിലെ കുട്ടികൾ, എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും വാർഡ് കമ്മിറ്റിക്കാർ, ഓഫീസിൽ എല്ലാ സർവീസ് സംഘടനകളും അതും പോരാഞ്ഞ് ഡിപ്പാർട്ടുമെന്റ് വക വേറെയും ദേശസ്നേഹം പകർന്നുകൊണ്ടുപോയി. ദേശസ്നേഹം ഏതെങ്കിലും വഴിക്ക് പ്രകടിപ്പിച്ചാൽ പോരാ, തങ്ങൾ വഴിക്കുതന്നെ വേണമെന്ന് ഈ ഓരോ കൂട്ടർക്കും വാശിയായിരുന്നു! പിരിച്ചെടുത്ത പണം ഏതു വിലാസത്തിലാണ് അയച്ചുകൊടുക്കേണ്ടതെന്നുപോലും അറിയാത്ത ദേശസ്നേഹ പിരിവുകാരും കൂട്ടത്തിലുണ്ടായിരുന്നു. എന്തായാലും ദേശസ്നേഹ പ്രവർത്തനം സാമൂഹ്യപ്രവർത്തനംപോലെ ഒരു തൊഴിലായി വളരുന്നതിനു മുമ്പേ കാർഗിൽ പ്രശ്നം തീർന്നതിൽ ആശ്വാസം.

ഒരുപക്ഷേ, ദേശസ്നേഹംമൂലം ഏറ്റവുമധികം ബലാൽക്കാരം അനുഭവിക്കേണ്ടിവന്നത്, നമ്മുടെ വന്ദേമാതര ഗാനത്തിനാണെന്നു തോന്നുന്നു. മറ്റേതെങ്കിലും രാഷ്ട്രത്തിൽ ദേശീയഗാനം ഇങ്ങനെ കൈകാര്യം ചെയ്യപ്പെടുമെന്നു തോന്നുന്നില്ല. നിശ്ചിത ഈണത്തിലും താളത്തിലും രാഗത്തിലും നിശ്ചയപ്പെടുത്തിയതാണ് ദേശീയഗാനമെന്നും, തോന്നുംപടി ചെയ്യാവുന്ന ഒന്നല്ല ദേശീയ ഗാനാലാപനമെന്നും എല്ലാവരും മറന്നപോലെ.

അല്ല; യുദ്ധങ്ങൾ സ്പോൺസർ ചെയ്യപ്പെടുന്ന ഇക്കാലത്ത് ദേശീയഗാനം പോപ്പ് ശൈലിയിലാക്കിയില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ? വന്ദേ... മാതരം.....!

രാജ്യസ്നേഹ കച്ചവടത്തിന്റെ ഏറ്റവും മെച്ചപ്പെട്ട മാതൃക ഒരു പക്ഷേ കല്യാൺ ജ്വല്ലേഴ്സിന്റേതായിരിക്കും. നിങ്ങൾ വാങ്ങുന്ന ഓരോ ഗ്രാം സ്വർണത്തിനും ഒരു രൂപ വീതം അവർ ജവാന്മാർക്കുള്ള ഫണ്ടിലേക്കു നല്കും. നിങ്ങൾ നാലായിരം രൂപ കൊടുത്ത് ഒരു പവൻ വാങ്ങുമ്പോൾ എട്ടുരൂപ വീരജവാന്മാർക്കു കിട്ടും. എത്ര മഹത്തായ പദ്ധതി! (നിങ്ങൾ വാങ്ങുന്ന സ്വർണത്തിനു പണിക്കൂലി വാങ്ങിയാലേ അത് കണക്കിൽ വരൂ. കണക്കിൽ വരുന്ന കച്ചവടം മൊത്തം കച്ചവടത്തിന്റെ എത്രാമത്തെ മാനം വരും? ഇന്ത്യയും പാകിസ്ഥാനും വെടിനിർത്തിപോയ ശേഷമാണ് കല്യാൺ, വീരജവാൻ ഫണ്ട് തുടങ്ങുന്ന കാര്യം പരസ്യം ചെയ്തത്. ജൂലൈ 16 മുതൽ ഓഗസ്റ്റ് മാസം 15 വരെയാണ് ദേശസ്നേഹം പ്രകടമാക്കുന്നത് (അതായത് കൃത്യം കർക്കിടകമാസം മുഴുവൻ എന്നർഥം. അതിന്റെ ഗുട്ടൻസ് പിടികിട്ടിയോ) ഈ സംഗതി പരസ്യപ്പെടുത്താൻ അവർ ചെലവാക്കിയ ലക്ഷങ്ങളുടെ അടുത്തൊന്നും വരാൻ പോകുന്നില്ല ദാനം ചെയ്യാൻ പോകുന്ന തുക എന്നതാണ് യാഥാർഥ്യം. കാൽപണത്തിന്റെ ചൂണ്ടയ്ക്ക് മുക്കാൽ പണം ചൂണ്ടക്കൂലി എന്നു പറഞ്ഞതുപോലെയാണ് കാര്യം.